**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6673** **11-11-2021 - ൽ മറുപടിയ്ക്ക്**

**സിറ്റി വിത്ത് ദ മോസ്റ്റ് സസ്റ്റെയിനബിൾ ട്രാൻസ്പോർട്ട് സിസ്റ്റം അവാർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ ഐ ബി സതീഷ്,<br>ശ്രീ. കെ.എം.സച്ചിൻദേവ്** | | **Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | മികച്ച സുസ്ഥിര നഗര ഗതാഗത സംവിധാനം ഒരുക്കുന്ന സംസ്ഥാനങ്ങൾക്ക് കേന്ദ്ര സർക്കാർ പ്രത്യേക അവാർഡ് നൽകുന്നുണ്ടോ; ഇത്തരത്തിലുള്ള "സിറ്റി വിത്ത് ദ മോസ്റ്റ് സസ്റ്റെയിനബിൾ ട്രാൻസ്പോർട്ട് സിസ്റ്റം" എന്ന അവാർഡ് കേരള സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. കേന്ദ്രസർക്കാരിന്റെ ആഭിമുഖ്യത്തിൽ എല്ലാ വർഷവും നടത്തി വരുന്ന അർബൻ മൊബിലിറ്റി ഇന്ത്യാ (UMI) കോൺഫറൻസിൽ നഗര ഗതാഗതത്തിന്റെ വിവിധ മേഖലകളിലുള്ള മികവിന് പുരസ്കാരങ്ങൾ നൽകാറുണ്ട്. 29.10.2021-ലെ UMI കോൺഫറൻസിനോടനുബന്ധിച്ച് നടത്തിയ അവാർഡ് ദാന ചടങ്ങിൽ, കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി (KMTA) കൊച്ചി നഗരഗതാഗതവുമായി ബന്ധപ്പെട്ട് നടത്തിയ വിവിധ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരം എന്ന നിലയിൽ 'City with the Most Sustainable Transport System' എന്ന അവാർഡ് ലഭിക്കുകയുണ്ടായി. |
| (ബി) | കേന്ദ്ര അവാർഡ് ലഭ്യമാകുന്ന തരത്തിൽ എന്തൊക്കെ ഗതാഗത സൗകര്യങ്ങളാണ് സംസ്ഥാനത്തെ നഗരങ്ങളിൽ ഒരുക്കിയത്; വിവിധ ഗതാഗത സൗകര്യങ്ങൾ ഡിജിറ്റൈസ് ചെയ്ത് സംയോജിപ്പിച്ച കൊച്ചി ഓപ്പൺ മൊബിലിറ്റി നെറ്റ് പാർക്കിന്റെ രൂപീകരണം കേന്ദ്ര പുരസ്കാരം ലഭിക്കുന്നതിന് എത്രത്തോളം സഹായകരമായിട്ടുണ്ട്; വിശദമാക്കാമോ? | (ബി) | മെട്രോ റെയിൽ, വാട്ടർ മെട്രോ, ബസ് സർവീസ്, ഓട്ടോറിക്ഷാ സർവീസ് എന്നിവ സമന്വയിപ്പിച്ച് കൊച്ചി നഗരത്തിന് സുസ്ഥിര ഗതാഗത സംവിധാനം ഒരുക്കുന്നതിനായുള്ള കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിയുടേയും, പ്രസ്തുത ഗതാഗത സംവിധാനങ്ങൾ ഡിജിറ്റൽ സാങ്കേതിക വിദ്യ ഉപയോഗിച്ച് ഏകോപിപ്പിക്കുന്നതിന് കൊച്ചി ഓപ്പൺ മൊബിലിറ്റി നെറ്റ് വർക്ക് (KOMN)-ന്റെയും പ്രവർത്തന മികവ് പ്രസ്തുത പുരസ്കാരം ലഭിക്കുന്നതിന് സഹായകരമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ